**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4632** **10-08-2021 - ൽ മറുപടിയ്ക്ക്**

**നാഗർകോവിൽ-കന്യാകുമാരി റൂട്ടിലെ ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഒന്നര വർഷക്കാലമായി നിർത്തിവച്ചിരിക്കുന്ന നെയ്യാറ്റിൻകര-നാഗർകോവിൽ-കന്യാകുമാരി റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് നെയ്യാറ്റിൻകര-നാഗർകോവിൽ - കന്യാകുമാരി റൂട്ട് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ സർവ്വീസുകളും കോർപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള നെയ്യാറ്റിൻകര – നാഗർകോവിൽ - കന്യാകുമാരി ഉൾപ്പെടെയുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സർവ്വീസുകൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് നെയ്യാറ്റിൻകര-നാഗർകോവിൽ - കന്യാകുമാരി റൂട്ട് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ സർവ്വീസുകളും കോർപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള നെയ്യാറ്റിൻകര – നാഗർകോവിൽ - കന്യാകുമാരി ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ